"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - LID&EW - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ആയി നിയമനം ലഭിച്ച ശ്രീ. ഡാറിൻ. പി. സാബു-ന് പ്രസ്തുത തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1138/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-

1. 28/10/2020 ലെ GO(P)No.15/2020/ഉഭപവ നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2025-ലെ LSGD / PD / 11968 / 2023 - DEA4 നമ്പർ നടപടിക്രമം.
3. ശ്രീ. ഡാറിൻ. പി. സാബു 23.03.2025 തീയതി സമർപ്പിച്ച അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.04.2025-ലെ LSGD / PD / 55235 / 2023 - DEA4 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) നടപടിക്രമം പ്രകാരം മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമനം ലഭിച്ച ശ്രീ. ഡാറിൻ. പി. സാബു, താൻ നിലവിൽ കാനഡയിലെ Lambton College of Applied Arts and Technology -യിൽ Construction Project Management കോഴ്സ് രണ്ടാംവർഷ വിദ്യാർത്ഥി ആണെന്നും പ്രസ്തുത കോഴ്സിന്റെ കാലാവധി 15.08.2025-ന് അവസാനിക്കുമെന്നതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് 179 ദിവസത്തെ സാവകാശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടു സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിത കോഴ്സ് പൂർത്തീകരിക്കേണ്ട സാഹചര്യം കണക്കിലെടുത്ത് പരാമർശം ( 1 ) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, KS&SSRs ഭാഗം I I ചട്ടം 27(c) യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ ജോലിയിൽ

പ്രവേശിക്കുന്ന തീയതി മുതൽക്കേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ എന്ന വ്യവസ്ഥയോടെ, ശ്രീ. ഡാറിൻ. പി. സാബു-വിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമനോത്തരവ് തീയതി മുതൽ 179 ദിവസത്തേക്ക് പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ(എ&ഇ /ഓഡിറ്റ് ) തിരുവനന്തപുരം.
4. ശ്രീ. ഡാറിൻ. പി. സാബു, അസി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 09-05-2025 09:49:00